☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: keralapcb@asianetindia.com FAX: 0471 – 2318134, 2318152 web: www.keralapcb.nic.in

KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

PCB/HO/EE3/PLN-SCHL-AWD/22/2015 Dated, 26/11/2015

**"ഭരണഭാഷ മാതൃഭാഷ"**

F 4 22856

പ്രേക്ഷിതൻ
ചെയർമാൻ

സ്വീകർത്താവ്
ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ
ഡി.പി.ഐ., ജഗതി
തിരുവനന്തപുരം

വിഷയം:- 'ഹരിത വിദ്യാലയ പുരസ്കാരം - 2015'.

സർ,

സംസ്ഥാനത്തെ സർക്കാർ സ്ക്കൂളുകളിലെ ശുചിത്വ പരിസ്ഥിതി പാലന പ്രവർത്തനങ്ങൾ വിലയിരുത്തി അവാർഡു നൽകുന്നതിനായി സംസ്ഥാന സർക്കാർ ബോർഡിന്റെ 2015 - 16 പദ്ധതിയിൽ ഉൾക്കൊള്ളിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഹൈസ്ക്കൂൾ തലത്തിലുള്ള സർക്കാർ സ്കൂളുകളിൽ പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വത്തിനും അതുവഴി പൊതുജന സേവനത്തിനും, മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്കൂളുകളിൽ ജില്ലാതലത്തിൽ 1 - ും, 2 - ും, 3 - ും സ്ഥാനത്തിന് അർഹരാവുന്നവർക്ക് 25,000/- രൂപ, 15,000/- രൂപ, 10,000/- രൂപ എന്നീ ക്രമത്തിൽ പാരിതോഷികവും (ഹരിത വിദ്യാലയ പുരസ്കാരം) പ്രശസ്തി പത്രവും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ജില്ലാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സ്ക്കൂളുകളിൽ നിന്ന് ഏറ്റവും മികച്ച ഒന്നും രണ്ടും മൂന്നും സ്ഥാനീയർക്ക് കഴിഞ്ഞവർഷത്തെ പോലെ (ഒന്നാം സ്ഥാനം - ഒരു ലക്ഷം രൂപ, രണ്ടാം സ്ഥാനം - 50,000/- രൂപ, മൂന്നാം സ്ഥാനം - 25,000/- രൂപ) പാരിതോഷികവും പ്രശസ്തിപത്രവും പുരസ്കാരവും നൽകാനും ഉദ്ദേശിക്കുന്നു. അവാർഡിനായി അപേക്ഷ ക്ഷണിച്ച് ലഭ്യമാകുന്ന അപേക്ഷകൾ ഒരു വിദഗ്ധ സമതിയെ കൊണ്ട് പരിശോധിപ്പിച്ച് അവാർഡു ജേതാക്കളെ തിരഞ്ഞെടുക്കുന്നതാണ്. 2015 വർഷത്തെ പ്രവർത്തനം വിലയിരുത്തിയാണ് അവാർഡുകൾ നൽകുന്നത്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2015 ഡിസംബർ 31.

അവാർഡിനായി പരിഗണിക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

**അവാർഡിനായി പരിഗണിക്കുന്ന വിഷയങ്ങൾ**

1. **സ്കൂൾ കാമ്പസ്സിൽ ഏർപ്പെടുത്തിയിട്ടുള്ള മാലിന്യ സംസ്ക്കരണ പദ്ധതികൾ**

   എ. ശുചിമുറികളിലെ മാലിന്യ സംസ്ക്കരണം.

   ബി. സ്കൂളുകളിലുണ്ടാകുന്ന ഖരമാലിന്യ സംസ്ക്കരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

   സി. e-waste, plastic മാലിന്യ സംസ്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

   ഡി. സ്കൂൾ കാമ്പസ്സിന്റെ പൊതു ശുചിത്വം.

2. **സ്കൂളുകളിലെ ജല ലഭ്യത**

   എ. ജല സ്രോതസ്, ജല ഗുണനിലവാര സുരക്ഷ സംബന്ധിച്ച വിവരവും.

   ബി. ശുചിമുറികളിൽ ജലത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ.

3. **Eco club, Nature club തുടങ്ങിയവയുടെ തന്നാണ്ടത്തെ പ്രവർത്തനം**

   പരിസ്ഥിതി ബോധവല്ക്കരണ പരിപാടികൾ, പരിസ്ഥിതി പഠനയാത്ര തുടങ്ങിയവയുടെ റിപ്പോർട്ട്.

4. **ജല സംരക്ഷണ പരിപാടി**

   എ. മഴവെള്ള സംഭരണ പദ്ധതി

   ബി. പൊതുജലാശയ സംരക്ഷണ പദ്ധതി.

   സി. ജല ഗുണനിലവാര പരിശോധനയും സുരക്ഷയും.

5. **സംസ്ഥാന സർക്കാരിന്റെ ശുചിത്വ മാസാചരണം**

   എ. സ്കൂൾ തലത്തിൽ നടപ്പിലാക്കിയ പദ്ധതി.

   ബി. പൊതു ശുചിത്വ പരിപാടി -

   പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുമായി ബന്ധപ്പെട്ടു നടപ്പിലാക്കിയ പദ്ധതി.

6. **ആരോഗ്യ ബോധവൽക്കരണ പരിപാടി – തന്നാണ്ടത്തെ പ്രവർത്തനം**
7. **ഊർജ്ജ സംരക്ഷണത്തിനായി കൈകൊണ്ട നടപടികൾ.**
8. **മേൽപ്പറഞ്ഞവ കൂടാതെ പരിസ്ഥിതി സംരക്ഷണത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ.**
9. **പരിസ്ഥിതി സംരക്ഷണത്തിനായി ലഭിച്ച അവാർഡുകൾ**

അവാർഡിനായി അപേക്ഷ ക്ഷണിണിച്ചുകൊണ്ടുള്ള കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ബോർഡിന് നടപ്പിലാക്കുന്ന ഈ പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ സ്കൂളുകളിൽ ആവശ്യമായ പ്രചാരണം നൽകണം എന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ

ചെയർമാൻ

പകർപ്പ്;

1. ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
   എല്ലാ ജില്ലയിലേയും - വേണ്ട പ്രചാരണം നടത്തി അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

2. ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ
   റീജിണൽ ഓഫീസ്
   തിരുവനന്തപുരം/കോഴിക്കോട്

3. സിനീയർ എൻവയോൺമെന്റൽ എഞ്ചിനീയർ
   റിജിണൽ ഓഫീസ്, കോഴിക്കോട്

4. എൻവയോൺമെന്റൽ എഞ്ചിനീയർ
   എല്ലാ ജില്ലാ ഓഫീസുകളും

(2–4) തുടർ നടപടിക്കായി

No F4/22856/15 dtd 12/2015

ഈ പദ്ധതിക്ക് ~~വേണ്ട~~ ആവശ്യമായ പ്രചാരണം ലഭിക്കുന്നതിനായി എല്ലാ സ്കൂളുകൾക്കും E-mail വഴി വിവരം നൽകേണ്ടതാണ്.

for DDE
Ekm

10/12/15